"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നിയമ (കെ.എൽ.ബി.എഫ്) വകുപ്പ് - അഭിഭാഷകരായുള്ള ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്ത അഭിഭാഷകർക്ക് കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 3000/- രൂപ നിരക്കിൽ സ്റ്റൈപ്പൻഡ് നൽകുന്നതിനുള്ള അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നിയമ (കെ.എൽ.ബി.എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.41/2022/LAW തീയതി,തിരുവനന്തപുരം, 24-06-2022

പരാമർശം:-

1. 09/03/2018 - ലെ സ.ഉ. (എം.എസ് ) നമ്പർ 36/2018/ നിയമം നമ്പർ ഉത്തരവ്
2. 2021ഡിസംബർ 18-ാം തീയതിയിലെ 3715 -ാം നമ്പർ കേരള അസാധാരണ ഗസറ്റിൽപ്രസിദ്ധപ്പെടുത്തിയതും ബാർ കൗൺസിൽ പുറപ്പെടുവിച്ചതുമായ "ദി കേരള അഡ്വക്കേറ്റ് സ്റ്റൈപ്പൻഡ് റൂൾസ്, 2021".
3. അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ട് ട്രസ്റ്റി കമ്മിറ്റിയുടെ 16/03/2022 തീയതിയിലെ KAWF/GOVT/22/239/2022 നമ്പർ കത്ത്.

<u>ഉത്തരവ്</u>

1980 -ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്ററ് പ്രകാരം അഭിഭാഷകരുടെ ക്ഷേമത്തിനായി കേരള അഭിഭാഷക ക്ഷേമനിധി രൂപികരിച്ചിട്ടുള്ളതാണ്. ആക്ററിലെ 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (gi) ഖണ്ഡപ്രകാരം, 30 വയസ്സ് പൂർത്തിയാക്കാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന്, ട്രസ്ററി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പൻഡ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

ബാർ കൗൺസിൽ പുറപ്പെടുവിച്ച സൂചന (2) പ്രകാരമുള്ള ചട്ടങ്ങളിലെ 3-ാംചട്ടം (3) ഉപ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്ത പ്രകാരം, ട്രസ്ററി കമ്മിറ്റിയ്ക്ക് കാലാകാലങ്ങളിൽ സർക്കാറിന്റെ മുൻകൂർഅനുമതിയോടുകൂടി 5000/- രൂപയിൽ അധികരിക്കാത്ത തുക പ്രതിമാസ സ്റ്റൈപൻഡായി നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം പ്രസ്തുത നിധിയിൽ നിന്നും പ്രതിമാസം 3000/- രൂപ നിരക്കിൽ അഭിഭാഷകർക്ക് സ്റ്റൈപ്പൻഡ് നല്കുന്നതിനായി കേരള അഭിഭാഷക ക്ഷേമനിധി ട്രസ്ററി കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതായും അതിനാൽ 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ 9-ാം വകുപ്പ് (2) (gi) പ്രകാരവും സ്റ്റൈപൻഡ് റൂൾസിന്റെ ചട്ടം 3(3) പ്രകാരവും സ്റ്റൈപ്പൻഡ് അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് മേൽ സൂചന (3) കത്ത് പ്രകാരം അഭിഭാഷകക്ഷേമനിധി ട്രസ്റ്റി കമ്മിറ്റി അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, സൂചന (2) ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിധേയമായും എസ്.സി/എസ്.റ്റി വിഭാഗത്തിൽ നിന്നുള്ള

അഭിഭാഷകരെ വാർഷിക വരുമാന പരിധിയിൽ നിന്ന് ഒഴിവാക്കിയും 30 വയസ്സ് പൂർത്തിയാകാത്തവരും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തവരുമായ അഭിഭാഷകർക്ക് കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 3000/- രൂപ (മൂവായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപൻഡ് നൽകുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി ഹരി നായർ

നിയമ സെക്രട്ടറി

പകർപ്പ്

1. കേരള നിയമ സഹായനിധി ട്രസ്റ്റി കമ്മിറ്റിയുടെ ചെയർമാനും മറ്റ് അംഗങ്ങൾക്കും
2. അഡ്വക്കേറ്റ് ജനറൽ, കേരള എറണാകുളം.
3. സെക്രട്ടറി, കേരള അഭിഭാഷകക്ഷേമനിധി ട്രസ്റ്റി കമ്മിറ്റി.
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ. ഇ.) കേരള, തിരുവനന്തപുരം.
6. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
7. ബഹു . മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
8. ബഹു .നിയമവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
9. നിയമ സെക്രട്ടറിയുടെ പി. എ.
10. അഡീഷണൽ നിയമ സെക്രട്ടറി (കെ.എൽ. ബി. എഫ്) യുടെ സി. എ.
11. ഇൻഫർമേഷൻ ഓഫീസർ വെബ്ബ് ആൻറ് ന്യൂ മീഡിയ ഐ & പി. ആർ. ഡി.
12. നിയമ (നോഡൽ) വകുപ്പ്.
13. സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ